**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 777** **08-10-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖം ട്രയൽ റൺ ആരംഭിച്ചശേഷം ഇവിടെയെത്തിയ കപ്പലുകളുടെ എണ്ണവും കൈകാര്യം ചെയ്ത കണ്ടെയ്നറുകളുടെ എണ്ണവും വിശദമാക്കാമോ; | (എ) | വിഴിഞ്ഞം തുറമുഖം ട്രയൽ റൺ ആരംഭിച്ചശേഷം 19 കപ്പലുകൾ തുറമുഖത്തിലെത്തിയിട്ടുണ്ട് . 60503 കണ്ടെയ്നറുകൾ (TEU) കൈകാര്യം ചെയ്തിട്ടുണ്ട് . |
| (ബി) | വിഴിഞ്ഞം തുറമുഖം ട്രയൽറൺ പൂർത്തിയാക്കി എപ്പോൾ കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാം ഘട്ടത്തിന്റെ കമ്മീഷനിംഗ് (Commercial Operation Date) 2024 ഡിസംബർ 3 ന് നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് കൺസഷണയർ അറിയിച്ചിട്ടുണ്ട്. |
| (സി) | വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിനനുസൃതമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന അനുബന്ധ സൗകര്യങ്ങൾ വിശദമാക്കാമോ? | (സി) | തുറമുഖത്തെ NH-മായി ബന്ധിപ്പിക്കുന്ന അപ്രോച്ച് റോഡിന്റെ നിർമാണം അന്തിമഘട്ടത്തിലാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന 10.7 കിലോമീറ്റർ ദൈർഘ്യമുള്ള റെയിൽപാതയുടെ നിർമ്മാണത്തിന് ദക്ഷിണ റയിൽവെയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br><br>ഔട്ടർ റിങ് റോഡും, വികസന ഇടനാഴിയും ഔട്ടർ ഏരിയ ഗ്രോത് കോറിഡോർ (OAGC) പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുണ്ട്. OAGC പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മേൽനോട്ടം വഹിക്കുന്നത് Capital Region Development Project (CRDP) ആണ്. |

സെക്ഷൻ ഓഫീസർ